## പുത്തൻകാട്ടിൽ കുഞ്ഞുമുഹമ്മദ്



പുത്തൻകാട്ടിൽ കുഞ്ഞു മുഹമ്മദ് സാഹിബ് (90) കൊടുങ്ങല്ലൂർ എറിയാട് ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യകാല പ്രവർത്തകരിലൊരാളായിരുന്നു. 1964-ൽ ജോലിയാവശ്യാർഥം കളമശ്ശേരിയിലെത്തിയ അദ്ദേഹം അവിടെ സ്ഥിരതാമസമാക്കി. ചങ്ങിലാംകര മർഹൂം ഇബ്‌റാഹീം സാഹിബ്, എച്ച്.എം.ടിയിലെ ഉദ്യോഗസ്ഥനായിരുന്ന ഖാലിദ് സാഹിബ് എന്നിവരോടൊപ്പം ചേർന്ന് നടത്തിയ ശ്രമങ്ങൾ മേഖലയിൽ പ്രസ്ഥാനത്തിന് കടന്നുചെല്ലാൻ വഴിയൊരുക്കി. ഇന്ന് കളമശ്ശേരി പ്രദേശത്ത് 12-ാളം ഹൽഖകൾ പ്രവർത്തിച്ചുവരുന്നത് ഇതിന്റെ തെളിവാണ്. ബ്രിട്ടീഷ് പോലീസിലും ബ്രിട്ടീഷ് പട്ടാളത്തിലും ജോലി ചെയ്ത അദ്ദേഹം രണ്ടാം ലോക യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്.

ഏറെക്കാലം കളമശ്ശേരി ഹൽഖാ നാസിം ആയിരുന്ന അദ്ദേഹം കുറേക്കാലമായി രോഗിയായിരുന്നു. രോഗിയായ അദ്ദേഹത്തെ കാണാൻ വിദേശത്തുനിന്ന് മകൻ അബ്ദുൽ അസീസ് എത്തി ഏതാനും ദിവസം കഴിഞ്ഞപ്പോൾ മകന്റെ മരണമാണ് ആ പിതാവിന് കാണേണ്ടിവന്നത്. പിന്നീട് മൂത്ത മകൻ ജമാലും പൗത്രൻ നൗഫലും ഭാര്യ ഐഷയും മരണപ്പെട്ടു. 'വിഷൻ 2016' കോ-ഓർഡിനേറ്റർ അബ്ദുല്ലത്വീഫ് അദ്ദേഹത്തിന്റെ മകനാണ്.

**കെ.പി മുഹമ്മദ്, സൗത്ത് കളമശ്ശേരി**

## കരണ്ടോളി ഫഖ്റുദ്ദീൻ



കോഴിക്കോട് പാലത്ത് കാർകുൻ ഹൽഖയിലെ പ്രവർത്തകനായിരുന്നു കരണ്ടോളി ഫഖ്റുദ്ദീൻ സാഹിബ്. 1960-കളിൽ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസം മാത്രം കൈമുതലാക്കി പ്രസ്ഥാനത്തെ പഠിക്കുകയും ആ സന്ദേശം മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ ശ്രമിക്കുകയും ചെയ്തു. എഴുത്തുകാരനായ മുഹമ്മദ് പാലത്ത്, അധ്യാപകനായ അബ്ദുല്ല എന്നിവർ മക്കളാണ്.

**ഒ.വി അബൂബക്കർ, പാലത്ത്**

## വേലിക്കലകത്ത് സ്വഫിയ

സേവന സന്നദ്ധതയും സാമൂഹിക പ്രതിബദ്ധതയും ജീവിതത്തിന്റെ ഭാഗമാക്കിയ വ്യക്തിത്വമായിരുന്നു കണ്ണൂർ സിറ്റിയിലെ വി. സ്വഫിയ. ബന്ധുക്കളുടെയും അയൽവാസികളുടെയും പ്രയാസങ്ങൾ കണ്ടറിഞ്ഞ് ലഘൂകരിക്കുന്നതിൽ അസാധാരണ താൽപര്യം കാണിച്ചു. പ്രസ്ഥാനം വിതരണം ചെയ്തിരുന്ന അത്താഴ നോമ്പുതുറ സാധനങ്ങളും പഠനോപകരണങ്ങളും തനിക്കറിയാവുന്ന നിർധനർക്കും അശരണർക്കും നൽകാൻ പ്രത്യേകം നിർദേശിക്കുമായിരുന്നു.



ജമാഅത്തെ ഇസ്‌ലാമി കണ്ണൂർ പ്രാദേശിക ഘടകത്തിലെ അംഗവും ചിറക്കൽകുളം എം.എം. എൽ.പി സ്കൂൾ റിട്ട. അധ്യാപകനുമായ അബ്ദുൽ ഖാദിർ മുൻഷിയാണ് ഭർത്താവ്. ഫർഹാന, ഫൈനാന, ഫൈലാന, ഫാത്വിമ, ഹശ്ഹാശ് എന്നിവർ മക്കളാണ്. ജാമാതാക്കൾ: വി.എ ജലീൽ, ടി.പി മുഹമ്മദ് ഷമീം, മുഹമ്മദ് സാഹിർ, മുഹമ്മദ് സഹ്‌ലൂൻ. മരുമകൾ: സി. റിഷാന.

**വി. ഹശ്ഹാശ്, കണ്ണൂർ സിറ്റി**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*